(ഡി) പണിമുടക്കുകളിൽ പങ്കെടുത്ത ജീവനക്കാരുടെ പണിമുടക്ക് ദിവസത്തെ വേതനം സംബന്ധിച്ച് ഗവൺമെന്റ് കാലകാലങ്ങളിൽ നിർദ്ദേശം നൽകാറുണ്ടോ ; എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ പണിമുടക്കിനോടനുബന്ധിച്ചും ഗവൺമെന്റ് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം ; വിശദവിവരം നൽകുമോ ;

(ഇ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഏതെങ്കിലും പണിമുടക്കിന് ഡയസ്നോൺ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജീവനക്കാരുടെ സംഘടനകളിൽനിന്ന് പണിമുടക്ക് നോട്ടീസ് ലഭിക്കുമ്പോൾ പണിമുടക്ക് എങ്ങനെ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്; വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) മൂന്ന് പണിമുടക്കുകൾക്ക് ഡയസ്നോൺ ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ പെൻഷൻ

12 (1538) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നവർക്ക് എത്ര രൂപയാണ് മിനിമം പെൻഷനായി ലഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരത്തിൽ പെൻഷൻ വാങ്ങിക്കുന്നവർക്ക് കുടുംബ പെൻഷനും മെഡിക്കൽ അലവൻസും അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ;

(ഡി) ഇപ്പോൾ നിലവിൽ പെൻഷൻ വാങ്ങിക്കുന്ന എത്ര പേർ ഉണ്ട് എന്നും അതിൽ മരണപ്പെട്ടവർ ഉണ്ടെങ്കിൽ അവരുടെ കുടുംബങ്ങളെക്കൂടി ഫാമിലിപെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 600 രൂപ

(ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട് (1-12-2010-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 391/2010/പൊ.ഭവ. പ്രകാരം)

(ഡി) 903 പേർ പേഴ്സണൽ സ്റ്റാഫ് പെൻഷൻ ട്രഷറിയിൽ നിന്നും വാങ്ങുന്നുണ്ട്. 1-12-2010-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 391/2010/പൊ.ഭവ. പ്രകാരം 1-4-1982-നോ അതിന് ശേഷമോ സർവ്വീസിലുണ്ടായിരുന്ന പേഴ്സണൽ സ്റ്റാഫിനും അവരുടെ മരണശേഷം യോഗ്യരായ ആശ്രിതർക്കും അപേക്ഷയുടെ അടിസ്ഥാനത്തിൽ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്.

ആശ്രിത നിയമനത്തിലെ കാലതാമസം

13 (1541) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിതനിയമനത്തിനുള്ള എത്ര അപേക്ഷകൾ വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കിടക്കുന്നു എന്ന് വകുപ്പുതിരിച്ചും ജില്ലതിരിച്ചുമുള്ള കണക്ക് വ്യക്തമാക്കുമോ ; ഈ ഫയലുകളുടെ കാലപ്പഴക്കം എത്ര ;

(ബി) തീരുമാനമെടുത്തിട്ടും ജോലി ലഭിക്കാത്ത എത്രപേരുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് എന്നത്തേയ്ക്ക് ജോലി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ആശ്രിതനിയമനത്തിന്റെ നടപടി ക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനും തീരുമാനം എടുത്തവർക്ക് ഉടനെ ജോലി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ 24-5-1999-ലെ സ.ഉ.(പി) നമ്പർ 12/99 ഉഭപവ യിലെ ചട്ടങ്ങൾ അനുസരിച്ചാണ് ആശ്രിതനിയമനം നടത്തി വരുന്നത്. കാലതാമസം കൂടാതെ നിയമനം നൽകുന്നതിന് ഈ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് മതിയായ സംവിധാനമുണ്ട്. എന്നാൽ ഈ ചട്ടങ്ങളെക്കുറിച്ച് പലവകുപ്പുകളിലും വ്യക്തമായ ധാരണയില്ലാത്തതിനാലും ഭൂരിപക്ഷം അപേക്ഷകരും നിയമനം ലഭിക്കുന്നതിനായി എൽ.ഡി.ക്ലാർക്ക് തസ്തിക തന്നെ തെരഞ്ഞെടുക്കുന്നതിനാലുമാണ് ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. ആശ്രിത നിയമനത്തിന് കാലതാമസം ഒഴിവാക്കുന്നതിന് മതിയായ ചട്ടങ്ങളുണ്ടെന്നിരിക്കെ പുതിയ നടപടികൾ സ്വീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly